श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST ; Government of India)

(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)

www.sctimst.ac.in

**Press Release (30.9.2022)**



ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ, അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ്, പബ്ലിക് ഹെൽത്ത് പ്രൊഫസർ ആയ ഡോ. രാഖൽ ഗൈതോണ്ടെ, പ്രശസ്തമായ 'ലാൻസെറ്റ് കമ്മീഷൻ ഓൺ റീ ഇമാജിനിംഗ് ഇന്ത്യയുടെ' "കമ്മീഷണറായി" നിയമിതനായി.,

ലോകമെമ്പാടുമുള്ള മെഡിക്കൽ പരിഷ്കാരങ്ങൾക്കും ആഗോള ആരോഗ്യ ചർച്ചകൾക്കും വഴിയൊരുക്കിയ പ്രമുഖ അന്താരാഷ്ട്ര മെഡിക്കൽ ജേർണൽ 'ലാൻസെറ്റ്'.

'ലാൻസെറ്റ്' ജേർണൽ ഭാരതത്തിനായി നീക്കിവച്ച ഇത്തരത്തിലുള്ള ആദ്യത്തെ പൊതുആരോഗ്യപഠന പങ്കാളിത്ത സംവിധാനമായ 'കമ്മീഷൻ ഓൺ റീഇമെയ്നിംഗ് ഇന്ത്യ' എന്ന ഗവേഷണ വിഭാഗം, രാജ്യത്തിന്റെ പൊതുആരോഗ്യ ഗവേഷണ രംഗത്ത് ഒരു മുതൽ കൂട്ട് ആയിരിക്കും . ഭാരതത്തിലെ ജനങ്ങൾക്ക് സാർവത്രിക ആരോഗ്യ പരിരക്ഷ നേടുന്നതിനുള്ള പ്രയത്നത്തിന്റെ ഭാഗമായുള്ള പൊതുആരോഗ്യ വിഷയങ്ങൾ പഠന വിധേയമാക്കുന്നു.

വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിനിൽ പരിശീലനം നേടിയ ഡോ.രാഖൽ ഗൈതോണ്ടെ, സ്വീഡനിലെ ഉമിയ സർവകലാശാലയിൽ നിന്ന് പിഎച്ച്ഡി പൂർത്തിയാക്കി. ശ്രീ ചിത്രയിലെ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് പബ്ലിക് ഹെൽത്ത് പ്രൊഫസർ ആയ ഡോ. രാഖൽ ഗൈതോണ്ടെ, പൊതുജന ആരോഗ്യത്തെ സ്വാധീനിക്കുന്ന 'ആരോഗ്യ ഗവേഷണം, ആരോഗ്യ നയം, ആരോഗ്യ സാമ്പത്തിക ശാസ്ത്രം' എന്നീ വിഷയങ്ങൾ ആണ് മേൽനോട്ടം വഹിക്കുന്നത്. പരിസ്ഥിതിയിലും തൊഴിൽപരമായ ആരോഗ്യത്തിലും ഒരു ദശാബ്ദത്തിലേറെയായി സജ്ജീവമായി പ്രവർത്തിച്ചു വരുന്നു. 'ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷൻ' ഇന്റെ പേഷ്യന്റ് അഡ്വൈസറി ബോർഡിലും ഇന്റർനാഷണൽ എഡിറ്റോറിയൽ അഡ്വൈസറി ബോർഡിലും അംഗമാണ്. കൂടാതെ കേരള, തമിഴ്നാട് സംസ്ഥാന ആസൂത്രണ സമിതികൾക്കായി ആരോഗ്യ നയരേഖകൾ രൂപീകരിക്കുന്നതിൽ അദ്ദേഹം പങ്കു വഹിച്ചിട്ടുണ്ട് .

https://www.citizenshealth.in/about-us/

- "In Conversation: Dr. Rakhal Gaitonde, Professor of Public Health, Achutha Menon Centre for Health Science Studies, Sree Chitra Tirunal Insititute of Medical Sciences and Technology, Thiruvananthapuram"

https://www.citizenshealth.in/dr-rakhal-gaitonde/